# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 30.11.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi to address the All-India Conference of Senior Police Officers today.**

2. ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻഖർ ഇന്ന് അരുണാചൽ പ്രദേശിൽ പര്യടനം നടത്തും. രാജീവ് ഗാന്ധി സർവകലാശാലയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Vice President Jagdeep Dhankhar to tour Arunachal Pradesh today. He will attend the 22nd graduation ceremony at Rajiv Gandhi University.**

3. ഫെൻജൽ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ തമിഴ്നാട്ടിലും പുതുച്ചേരിയിലും ശക്തമായ ജാഗ്രത. ചെന്നൈ വിമാനത്താവളം അടച്ചു.

   **In the context of Cyclone Fengal, strong vigilance is being maintained in Tamil Nadu and Puducherry. Chennai airport has been closed.**

4. നൈജീരിയയിൽ ബോട്ട് അപകടത്തിൽ 27 പേർ മരിച്ചു. 100ലേറെ പേരെ കാണാതായി.

   **In Nigeria, 27 people died in a boat accident. Over 100 people are missing.**

5. ക്ഷേമപെൻഷൻ തട്ടിപ്പ് വിഷയത്തിൽ പ്രത്യേക യോഗം വിളിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Welfare pension scam: Chief Minister Pinarayi Vijayan calls a special meeting.**

6. അണ്ടർ 19 ഏഷ്യാ കപ്പിൽ ഇന്ത്യ- പാക്കിസ്ഥാൻ മത്സരം പുരോഗമിക്കുന്നു. സെയ്ദ് മോദി ബാഡ്മിൻറൺ സെമിയിൽ ഇന്ത്യൻ താരങ്ങൾ മാറ്റുരയ്ക്കും.

**In the Under-19 Asia Cup India-Pakistan match underway. Indian players to compete in the semi-finals of the Syed Modi Badminton Tournament today.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM CONFERENCE

ഒഡിഷയിലെ ഭവനേശ്വറിൽ നടക്കുന്ന DGP, IG തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ അഖിലേന്ത്യാ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. സമ്മേളനത്തിൻറെ ഉദ്ഘാടനം ഇന്നലെ ആഭ്യന്തര മന്ത്രി അമിത്ഷാ നിർവഹിച്ചു. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി,CRPF, NSG, IB, SPG, മേധാവിമാർ തുടങ്ങിയവർ മൂന്നു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ദേശീയ സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കും. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലും ചടങ്ങിൽ സമ്മാനിക്കും.

&&&&&&&&&&&&&&&&

## HEADLINE – 2
## VP - ARUNACHAL

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് അരുണാചൽ പ്രദേശിലെ ഇറ്റാനഗർ, ദോയിമുഖ് എന്നിവിടങ്ങളിൽ പര്യടനം നടത്തും. സന്ദർശന വേളയിൽ, ദോയിമുഖിലെ റോണോ ഹിൽസിലെ രാജീവ് ഗാന്ധി

സർവകലാശാലയുടെ 22-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. അരുണാചൽ പ്രദേശ് നിയമസഭയുടെ പ്രത്യേക സമ്മേളനത്തെയും ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&

## IND-BANGLADESH-MEA

ബംഗ്ലാദേശിലെ ഹിന്ദുക്കൾ അടക്കമുള്ള ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് അവശ്യപ്പെട്ട് ഇന്ത്യ. ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള അക്രമ സംഭവങ്ങളിൽ രാജ്യത്തിൻറെ ആശങ്ക ബംഗ്ലാദേശിനെ അറിയിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ വ്യക്തമാക്കി. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങടളെ സംരക്ഷിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## NIRMALA SITARAMAN-INTRO

എല്ലാവർക്കും സേവനം എത്തിക്കുക എന്നത് സർക്കാരിൻറെ പ്രഥമ കർത്തവ്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സിതാരാമൻ. ബിഹാറിലെ ദർഭംഗയിൽ ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ദരിദ്രർ, സ്ത്രീകൾ, കർഷകർ, യുവാക്കൾ എന്നീ വിഭാഗങ്ങൾക്കായി പ്രവർത്തിക്കുകയും അവരെ സേവിക്കുകയും ചെയ്യണമെന്ന് വിശ്വസിക്കുന്നതായും വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിന് അത് അത്യന്താപേക്ഷിതമാണെന്നും ശ്രീമതി സീതാരാമൻ പറഞ്ഞു.

(ഹോൾഡ്-വോയിസ്)

ഇന്ന് ബിഹാറിലെ മധുബനി ജില്ലയിൽ നടക്കുന്ന ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടിയിലും ശ്രീമതി സീതാരാമൻ പങ്കെടുക്കും. പരിപാടിയിൽ വിവിധ പദ്ധതി ഗുണഭോക്താക്കളുമായി കേന്ദ്രമന്ത്രി സംവദിക്കും.

&&&&&&&&&&&&&&&&

## VAISHNAW-GUJARAT

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഗുജറാത്തിൽ എത്തും. സൂറത്തിലെ ബുള്ളറ്റ് ട്രെയിൻ ട്രാക്ക് സ്ലാബ് നിർമാണ കേന്ദ്രവും വഡോദരയിലെ പ്ലസ്സർ ഇന്ത്യ ഫാക്ടറിയും അദ്ദേഹം സന്ദർശിക്കും. വഡോദരയിലെ ഗതി ശക്തി വിശ്വവിദ്യാലയയുടെ രണ്ടാമത് ബിരുദദാന ചടങ്ങിൽ കേന്ദ്ര മന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 3
## FENGAL CYCLONE

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ഫെൻജൽ ചുഴലിക്കാറ്റ് ഇന്ന് കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിൽ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 90 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും കനത്ത മഴയ്ക്കും സാധ്യതയുള്ളതിനാൽ മേഖലയിൽ അതീവ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. പുതുച്ചേരിയിലും തമിഴ്നാട്ടിലും ശക്തമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയെ തുടർന്ന് ചെന്നൈ വിമാനത്താവളം അടച്ചു. സിനിമാ തീയറ്ററുകളും പ്രവർത്തിക്കില്ല.

&&&&&&&&&&&&&&&&

## RAIN -KERALA

കേരളത്തിൽ അടുത്ത 4 ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റന്നാൾ ഏഴ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. തെക്കൻ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 5
## CM - KERALA - MEETING

ക്ഷേമപെൻഷൻ തട്ടിപ്പ് വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച പ്രത്യേക യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ധനവകുപ്പ്, തദ്ദേശ ഭരണവകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. അനധികൃതമായി പെൻഷൻ വാങ്ങിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടിയെക്കുറിച്ച് അതാത് വകുപ്പുകൾ തീരുമാനിക്കുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. വിഷയത്തിൽ പരിശോധന നടത്തിയ ശേഷം ആവശ്യമെങ്കിൽ ക്രിമിനൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## INTERNATIONAL WOMEN'S CONFERENCE

ഉത്തരവാദിത്ത ലിംഗസമത്വ ടൂറിസം ആസ്പദമാക്കിയുള്ള പ്രഥമ അന്താരാഷ്ട്ര വനിത സമ്മേളനം ഇടുക്കി മൂന്നാറിൽ ആരംഭിച്ചു. ലിംഗസമത്വവും സ്ത്രീ സൗഹൃദവുമായ ടൂറിസത്തെ പറ്റിയുള്ള കേരളത്തിൻറെ പ്രഖ്യാപനം സമ്മേളനത്തിൻറെ ഭാഗമായി ഉണ്ടാകും. സമ്മേളനം തിങ്കളാഴ്ച അവസാനിക്കും.

&&&&&&&&&&&&&&&&

## WAYANAD - RAHUL, PRIYANKA

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് എം.പി. പ്രിയങ്ക ഗാന്ധിയും വയനാട് ലോക്സഭാ മണ്ഡലത്തിലെത്തി. തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പൊതുസമ്മേളത്തിൽ ഇരുവരും പങ്കെടുക്കും. നാളെ മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും സ്വീകരണ പരിപാടികളിൽ പങ്കെടുക്കുന്ന ശ്രീമതി പ്രിയങ്കാ വൈകുന്നേരം ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&

## CHAMPIONS TROPHY - INTRO

2025 ലെ ചാമ്പ്യൻസ് ട്രോഫിക്കായി ഇന്ത്യൻ ടീം പാകിസ്ഥാനിലേക്കില്ലെന്ന് ബിസിസിഐ അറിയിച്ചതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. ഗുരുതര സുരക്ഷ ആശങ്കകൾ നില നിൽക്കുന്ന സാഹചര്യത്തിലാണ് ബിസിസിഐ ഈ തീരുമാനം അറിയിച്ചതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു.

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 6

## U-19 ASIA CUP CRICKET

അണ്ടർ 19 ഏഷ്യാ കപ്പിൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ഗ്രൂപ്പ് എ ഏകദിന ക്രിക്കറ്റ് മത്സരം ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ പാകിസ്ഥാൻ ബാറ്റിംഗ് തെരെഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ പാകിസ്ഥാൻ രണ്ട് വിക്കെറ്റ് നഷ്ടത്തിൽ 172 റൺസ് എന്ന നിലയിലാണ്. മറ്റൊരു

മത്സരത്തിൽ ആതിഥേയരായ യുഎഇ ജപ്പാനെ നേരിടുകയാണ്. ടോസ് നേടിയ യുഎഇ ജപ്പാനെ ബൗളിങ്ങിന് അയച്ചു.

&&&&&&&&&&&&&&&&

## HEADLINE – 6 (A)
## SYED-MODI BADMINTON

ലക്നൗവിൽ നടക്കുന്ന സെയ്ദ് മോദി ബാഡ്മിൻറൺ ടൂർണമെൻറിൻറെ സെമിയിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും. വനിതാ സിംഗിൾസിൽ ഉന്നതി ഹൂഡയാണ് സിന്ധുവിൻറെ എതിരാളി. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ ജപ്പാൻ താരത്തോടും പ്രിയാൻഷു രജാവത്ത് സിംഗപൂർ താരത്തോടും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഇന്ന് വൈകുന്നേരം 5 മണിയ്ക്ക് മുംബൈയിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ഹൈദരാബാദ്, മുംബൈസിറ്റിയെ നേരിടും. കൊൽക്കത്തയിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ, ചെന്നൈയിൻ എഫ് സിയുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## HEADLINE – 4
## NIGERIA ACCIDENT

നൈജീരിയയിലെ നൈജർ നദിക്കരയിൽ ബോട്ട് മറിഞ്ഞ് 27 പേർ മരിച്ചു. നൂറിലധികം പേരെ കാണാതായി. ഭക്ഷ്യവിപണിയിലേക്ക് യാത്രക്കാരെ കൊണ്ടുപോയ

ബോട്ടാണ് മറിഞ്ഞതെന്നാണ് വിവരം. ബോട്ടിൽ 200 ഓളം യാത്രക്കാരുണ്ടായിരുന്നുവെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&

## PASSING OUT PARADE

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടന്നു. നാവിക സേന മേധാവി അഡ്മിറൽ ദിനേശ് കെ.ത്രിപാഠി മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു.

&&&&&&&&&&&&&&&&

## MAHA-NEW CM

മഹാരാഷ്ട്രയിൽ പുതിയ മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ ഡിസംബർ അഞ്ചിന് ആസാദ് മൈതാനിയിൽ നടക്കുമെന്ന് ബിജെപി - ശിവസേന വൃത്തങ്ങൾ അറിയിച്ചു. അടുത്ത മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന്റെ ഭാഗമായി മഹായുതി സഖ്യ നേതാക്കൾ മുംബൈയിലും ഡൽഹിയിലും യോഗങ്ങൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&

## OATH CEREMONY

പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസിൽ നിന്നുള്ള ആറ് പുതിയ നിയമസഭാംഗങ്ങളുടെ സത്യപ്രതിജ്ഞ തിങ്കളാഴ്ച രാവിലെ 11 ന് നടക്കും. ഗവർണർ സി.വി. ആനന്ദ ബോസ് നിയമസഭാംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. ചടങ്ങിൽ മുഖ്യമന്ത്രി മമത ബാനർജി പങ്കെടുക്കും.

&&&&&&&&&&&&&&&&

## IMD -DELHI

ഡൽഹിയിൽ വായു ഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ ഗുണനിലവാര സൂചിക 348 രേഖപ്പെടുത്തി. ചിലയിടങ്ങളിൽ സൂചിക 400 കടന്നതായും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു. അടുത്ത രണ്ട് ദിവസങ്ങളിൽ പുകമഞ്ഞ് അനുഭവപ്പെടുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## MAHA-COLD WAVE

മഹാരാഷ്ട്രയിലെ പൂനെ, നാസിക്, അഹല്യാനഗർ ജില്ലകളിൽ ശൈത്യതരംഗം തുടരുന്നു. ഈ മേഖലകളിൽ കഴിഞ്ഞ ദിവസങ്ങളിലായി താപനില 10 ഡിഗ്രി സെൽഷ്യസിന് താഴെയാണ് രേഖപ്പെടുത്തിയത്. അതേസമയം, അടുത്ത മൂന്ന് ദിവസങ്ങളിൽ ചില ജില്ലകളിൽ ശൈത്യതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## SCINDIA-ASTHALAKSHMI MAHOTSAV

മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന അഷ്ടലക്ഷ്മി മഹോത്സവം അടുത്ത മാസം ആറിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. വടക്കുകിഴക്കൻ ഇന്ത്യയ്ക്കും രാജ്യത്തിൻറെ മറ്റ് ഭാഗങ്ങൾക്കും ഇടയിലുള്ള സാംസ്കാരിക- സാമ്പത്തിക വിടവ് നികത്താൻ ഈ പരിപാടിയിലൂടെ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&

## DEPUTY CHAIRMAN RAJYA SABHA

ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇന്ത്യ മുൻനിരയിൽ നിന്ന് നേരിടുകയാണെന്ന് രാജ്യ സഭ ഉപാധ്യക്ഷൻ ഹരിവൻഷ് നാരായൺ സിംഗ്. ഇന്നലെ ആകാശവാണി ന്യൂ ഡൽഹിയിൽ സംഘടിപ്പിച്ച Dr രാജേന്ദ്ര പ്രസാദ് സ്മാരക പ്രഭാഷണം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ ബഹുമുഖ പ്ലാറ്റുഫോമുകളിലും രാജ്യം പ്രധാന പങ്കാളിയായി മാറിയെന്നും ശ്രീ സിങ് അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&

## SYRIA ALEPPO CAPTURED

സിറിയയിലെ രണ്ടാമത്തെ ഏറ്റവും വലിയ നഗരമായ അലപ്പോ പ്രതിപക്ഷ സായുധ സേന പിടിച്ചെടുത്തു. ഇദ്ലിബ് പ്രവിശ്യകളിലെ നിരവധി പട്ടണങ്ങളും ഗ്രാമങ്ങളും ഇതിനോടകം തീവ്രവാദി സംഘടനയായ ഹയാത് തഹ്രീർ അൽ-ഷാമിൻറെ നേതൃത്വത്തിലുള്ള വിമതർ പിടിച്ചെടുത്തിട്ടുണ്ട്. രാജ്യത്തിൻറെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് സർക്കാർ കൈവശമുള്ള സ്ഥലങ്ങളിലാണ് വിമതസേന ആക്രമണം ശക്തമാക്കിയത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&